**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,**
**തിരുവനന്തപുരം- 695 001**

# KEAM-2021

## വിജ്ഞാപനം

## ആയുർവേദ/ ഹോമിയോ/ സിദ്ധ/യുനാനി /മെഡിക്കൽ അലൈഡ് കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെൻറ് ഓപ്ഷൻ കൺഫർമേഷനുള്ള അവസരം

2021 ലെ ആയുർവേദ / ഹോമിയോ/ സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള സർക്കാർ/സ്വാശ്രയ കോളേജുകളിലെ സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ 16.03.2022 ൽ ആരംഭിക്കുന്നതാണ്.

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്**

കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ ഹോം പേജിലുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുനഃക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **16.03.2022 മുതൽ 19.03.2022 രാവിലെ 10 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാകുന്നതാണ്. ഒന്നാം ഘട്ടത്തിൽ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. എന്നാൽ രണ്ടാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ ഒന്നാം ഘട്ട അലോട്ട്മെന്റിലൂടെ ലഭിച്ച അഡ്മിഷൻ നിലനിൽക്കുന്നതായിരിക്കും.പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഉണ്ടാകുന്നതല്ല.11.2.2022 ഇൽ പ്രസിദ്ധീകരിച്ച ആദ്യ ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭ്യമായിട്ടും ജോയിൻ ചെയ്യാത്തവരുടെയും ജോയിൻ ചെയ്തതിനു ശേഷം വിടുതൽ നേടിയവരുടെയും ഓപ്ഷനുകൾ റദ്ദാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ 14.3.2022-ൽ പ്രസിദ്ധീകരിച്ച MBBS/ BDS കോഴ്സിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭ്യമായി MBBS/BDS കോഴ്സിൽ ജോയിൻ ചെയ്യാനായി വിടുതൽ നേടിയവരുടെ ഓപ്ഷനുകൾ റദ്ദാക്കുന്നതല്ല (ഈ ഘട്ടത്തിൽ ഇതിലേക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുകയാണെങ്കിൽ). **19.03.2022 രാവിലെ 10** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ കോഴ്സുകളിലേക്കുള്ള രണ്ടാംഘട്ട അലോട്ട്മെന്റ് **22.03.2022** വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെൻറ് മെമ്മോയുടെ പ്രിൻറൗട്ട് എടുക്കേണ്ടതും അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **23.03.2022 വൈകീട്ട് 4 മണിമുതൽ 26.03.2022 ഉച്ചയ്ക്ക് 2 മണി**വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്. ഹെഡ് പോസ്റ്റ് ഓഫീസ് ലിസ്റ്റ് വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫീസ്/ബാക്കി തുക അടച്ചതിനുശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **24.03.2022 മുതൽ 26.03.2022 ഉച്ചയ്ക്ക് 2 മണിക്ക്** മുമ്പ് ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**<u>അലോട്ട്മെന്റ്ഷെഡ്യൂൾ</u>**

| | |
|---|---|
| **16.03.2022** | ഒന്നാം ഘട്ട അലോട്ട്മെന്റിൽ തിരഞ്ഞെടുത്ത ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷൻ പുനഃക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും വെബ്സൈറ്റ്സജ്ജമാകുന്നു. |
| **19.03.2022, രാവിലെ 10 മണി** | ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **22.03.2022** | രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **23.03.2022 വൈകിട്ട് 4.മണി മുതൽ 26.03.2022, ഉച്ചയ്ക്ക് 2 മണി വരെ** | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കൽ) ഓൺലൈൻ പേയ് മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ്പോസ്റ്റ്ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ട സമയം. |
| **24.03.2022 –26.03.2022 ഉച്ചയ്ക്ക് 2 മണിവരെ** | ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടാനുള്ള സമയം |
| **26.03.2022, വൈകിട്ട് 3 മണി വരെ** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാകമ്മീഷണർക്ക്ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ്സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ട സമയം |

**<u>ഫീസ്</u>**

വിവിധ കോഴ്സുകളിലേക്ക്, വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ ആയുർവേദ/സിദ്ധ/യുനാനി കോളേജുകളിലെ ഫീസ് ഫീ റെഗുലേറ്ററി കമ്മിറ്റി / സർക്കാർ/ ബഹു.ഹൈക്കോടതി/ ബഹു. സുപ്രീം കോടതി ഉത്തരവുകൾക്ക് വിധേയമായിരിക്കും.

ഗവൺമെന്റ് കോളേജിലെ കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുന്നവർ മുഴുവൻ ഫീസ്/ ബാക്കി തുക പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ അടക്കണം. സ്വാശ്രയ കോളേജുകളിൽ ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുന്നവർ Rs.100000 (ഒരു ലക്ഷം രൂപ) പ്രവേശന പരീക്ഷാ കമ്മീഷണർക്കും ബാക്കി തുക കോളേജിലും അടയ്ക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/ മത്സ്യത്തൊഴിലാളികളുടെ മക്കൾ /ഒ.ഇ.സി ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ , 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും 1000/- രൂപ ടോക്കൺ ഫീസായി അടയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരം വിദ്യാർത്ഥികൾ സ്വാശ്രയ കോളേജുകളിലെ മൈനോറിറ്റി/എൻ.ആർ.ഐ സീറ്റിൽ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ഒന്നാം ഖണ്ഡികയിൽ പറയുന്ന പ്രകാരമുള്ള ടോക്കൺ ഫീസ് അടയ്ക്കേണ്ടതും ഫീസിളവിന് അർഹരല്ലാതാകുന്നതുമാണ്.

**<u>കുറിപ്പ്</u>**

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള

കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.രണ്ടാം ഘട്ട അലോട്ട്മെന്റിന് ശേഷം കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അത് മോപ് അപ്/സ്പോട്ട് അഡ്മിഷനിലൂടെ നികത്തുന്നതാണ്.പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.03.16 16:41:38 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16/03/2022